هيئة التعليم السني بعموم كيرالا
SAMASTHA KERALA SUNNI VIDYABHYASA BOARD (Regd.)

President
SAYED ALI BAFAQEE THANGAL
QUILANDY

General Secretary
KANTHAPURAM
A.P. ABOOBACKER MUSLIYAR

Treasurer
K.S. ATTAKOYA THANGAL
KUMBOL

Secretary
Prof. A.K. ABDUL HAMEED Msc
KOZHIKODE

Cir No: 225/2020

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡിൽ നിന്ന് മദ്റസാ മാനേജ്മെന്റുകളെയും, സ്വദർ മുഅല്ലിംകളെയും അറിയിക്കുന്നത്.

السلام عليكم

മാന്യരേ,

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് അംഗീകൃത മദ്റസകളുടെ സമഗ്ര പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മദ്റസകളുടെ വിവര ശേഖരണം നടക്കുകയാണ്. കുട്ടികളുടെ പരീക്ഷകൾ, പ്രോഗ്രസ് റിപ്പോർട്ട്, സർട്ടിഫിക്കറ്റ് വിതരണം, രക്ഷകർത്താക്കൾക്ക് സന്ദേശങ്ങൽ കൈമാറൽ തുടങ്ങി എല്ലാ പ്രവർത്തനങ്ങളും വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് എളുപ്പത്തിൽ ചെയ്യാൻ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന വിവരങ്ങൾ www.samastha.in എന്ന വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.

## കുട്ടികളുടെയും കമ്മിറ്റി ഭാരവാഹികളുടെയും വിവരങ്ങൾ എന്റർ ചെയ്യുന്ന വിധം (അവസാന തിയ്യതി 15-08-2020)

www.samastha.in എന്ന വെബ്സൈറ്റ് ഓപ്പൺ ചെയ്ത് Madrasa Register ക്ലിക്ക് ചെയ്ത് മദ്റസാ അംഗീകാര നമ്പറും പാസ്വേർഡും എന്റർ ചെയ്ത് Sign in ചെയ്യുക. Add New Admission ലിങ്കിൽ ക്ലിക്ക് ചെയ്ത് കുട്ടികളുടെ പേരും മറ്റു വിവരങ്ങളും എന്റർ ചെയ്യുക. ക്ലാസ് സെലക്ട് ചെയ്താൽ സീരിയൽ നമ്പർ കാണാവുന്നതാണ്. കുട്ടി പരീക്ഷ എഴുതുന്ന ഭാഷ ( അറബി മലയാളം, കന്നഡ, ഉർദു, ഇംഗ്ലീഷ്, തമിഴ്, അറബി തമിഴ്) സെലക്ട് ചെയ്യുക. അതിനു ശേഷം മദ്ഹബ് (ശാഫി, ഹനഫി), അഡ്മിഷൻ നമ്പർ, അഡ്മിഷൻ തിയ്യതി, ആൺ/പെൺ, കുട്ടിയുടെ പേരും ഇനിഷ്യലും, പിതാവിന്റെ പേര്, കുട്ടിയുടെ ജനന തിയ്യതി, രക്ഷകർത്താവിന്റെ മൊബൈൽ നമ്പർ എന്നിവ എന്റർ ചെയ്ത് സബ്മിറ്റ് ചെയ്യുക. ഒന്നു മുതൽ പന്ത്രണ്ട് കൂടിയ എല്ലാ ക്ലാസിലെയും കുട്ടികളെ ഇതേ ക്രമത്തിൽ എന്റർ ചെയ്യണം. അടുത്ത അധ്യയന വർഷം മുതൽ പുതുതായി പ്രവേശനം നേടുന്ന കുട്ടികളെ മാത്രം എന്റർ ചെയ്താൽ മതിയാകും.

മദ്റസയിലെ മുഴുവൻ വിദ്യാർത്ഥികളുടെയും വിവരങ്ങൾ എന്റർ ചെയ്തു കഴിഞ്ഞാൽ Verify Admission ക്ലിക്ക് ചെയ്ത് മദ്റസാ പ്രസിഡണ്ടിന്റെ പേര്, ഫോൺ നമ്പർ, ജനറൽ സെക്രട്ടറിയുടെ പേര്, ഫോൺ നമ്പർ, സ്വദർ മുഅല്ലിമിന്റെ പേര്, ഫോൺ നമ്പർ, എം.എസ്.ആർ നമ്പർ എന്നിവ അടിച്ച് Final Submit ചെയ്യുക. പ്രിന്റ് ഒപ്ഷനിൽ ക്ലിക്ക് ചെയ്താൽ ഓരോ ക്ലാസിലെയും കിട്ടികളുടെ എണ്ണം (ആൺ, പെൺ തിരിച്ച്) ക്ലാസ് ക്രമത്തിൽ PDF ലഭിക്കും. View All Admission ൽ ക്ലിക്ക് ചെയ്ത് (ക്ലാസ് സെലക്ട് ചെയ്യാതെ) Get Student ക്ലിക്ക് ചെയ്താൽ മദ്റസയിലെ മുഴുവൻ കുട്ടികളുടെയും അഡ്മിഷൻ നമ്പർ ക്രമത്തിൽ PDF ഫയൽ ലഭിക്കും. പ്രിന്റ് ഫയലിൽ സൂക്ഷിക്കണം.



SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6
Phone: 0495 - 2772840 - 44 Fax : 0495 - 2772844, Web: www.samatha.in, Email : madrasaalhind@gmail.com

വെബ്സൈറ്റിൽ ലഭ്യമായ Excell Sheet ഡൗൺലോഡ് ചെയ്ത് മേൽ പറഞ്ഞ വിവരങ്ങൾ ഓഫ്ലൈൻ ആയി എന്റർ ചെയ്ത് സൈറ്റിലേക്ക് കോപ്പി ചെയ്യുന്ന രീതിയും സ്വീകരിക്കാവുന്നതാണ്.

## 5, 7 ക്ലാസുകളിലെ മാർക്കുകൾ എന്റർ ചെയ്യുന്ന വിധവും, തിരുത്തലുകളും (അവസാന തിയ്യതി 25-07-2020)

5, 7 ക്ലാസുകളിലെ കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് മുമ്പ് നേരത്തെ നൽകിയ വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമെങ്കിൽ തിരുത്താനും മാർക്കുകൾ എന്റർ ചെയ്യാനും ജുലൈ 20 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്.

### തിരുത്തലുകൾ

www.samastha.in എന്ന വെബ്സൈറ്റ് ഓപ്പൺ ചെയ്ത് Madrasa Register ക്ലിക്ക് ചെയ്ത് മദ്റസാ അംഗീകാര നമ്പറും പാസ്‌വേർഡും എന്റർ ചെയ്ത് Sign in ചെയ്യുക. View All Exam Student ക്ലിക്ക് ചെയ്ത് ക്ലാസ് സെലക്ട് ചെയ്ത് Get Student ക്ലിക്ക് ചെയ്യുക. കുട്ടികളുടെ പേര്, ജനന തിയ്യതി, പിതാവിന്റെ പേര്, എന്നിവ പരിശോധിച്ച് തിരുത്തലുകൾ ഉണ്ടെങ്കിൽ Edit ൽ ക്ലിക്ക് ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്തി Submit ചെയ്യുക. മാർക്കുകൾ എന്റർ ചെയ്യുന്നതിന് മുമ്പ് കുട്ടികളുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. പൊതു പരീക്ഷ നടക്കുന്ന 5, 7, 10 ക്ലാസുകളിലെ കുട്ടികളുടെ ഡാറ്റകൾ തിരുത്തി മാർക്ക് എന്റർ ചെയ്ത് Submit ചെയ്താൽ 6, 8, 11 ക്ലാസുകളിലെ കുട്ടികളുടെ വിവരങ്ങൾ ഓട്ടോമാറ്റിക്കായി സൈറ്റിൽ അപ്‌ലോഡ് ആവുന്നതാണ്. എന്തെങ്കിലും വിവരങ്ങൾ കൂടുതലായി ചേർക്കാനോ തിരുത്തലുകൾ വരുത്താനോ ഉണ്ടെങ്കിൽ Edit ക്ലിക്ക് ചെയ്ത് വീണ്ടും Submit ചെയ്യണം.

### മാർക്കുകൾ എന്റർ ചെയ്യേണ്ട വിധം (5, 7 ക്ലാസുകൾ)

www.samastha.in എന്ന വെബ്സൈറ്റ് ഓപ്പൺ ചെയ്ത് Madrasa Register ക്ലിക്ക് ചെയ്ത് മദ്റസാ അംഗീകാര നമ്പറും പാസ്‌വേർഡും എന്റർ ചെയ്ത് Sign in ചെയ്യുക. Internal-external Mark entry (5,7) ക്ലിക്ക് ചെയ്ത് ക്ലാസ് സെലക്ട് ചെയ്ത് Get Student ക്ലിക്ക് ചെയ്യുക. കുട്ടികളുടെ പേരിന് ശേഷം കാണുന്ന Add ബട്ടൻ ക്ലിക്ക് ചെയ്ത് മാർക്കുകൾ എന്റർ ചെയ്യാവുന്നതാണ്. അഞ്ച്, ഏഴ് ക്ലാസുകളുടെ പ്രമോഷന് മാനദണ്ഡമാക്കിയ മാർക്കുകൾ 80 ലും, അസൈമെന്റ് വെയിറ്റേജ് എന്നിവ 10 ലുമാണ്. എന്നാൽ ഖുർആൻ, പ്രാക്ടിക്കൽ എന്നിവയുടെ മാർക്കുകൾ100 ലാണ് എന്റർ ചെയ്യേണ്ടത്. ശേഷം Save and Next ബട്ടൻ ക്ലിക്ക് ചെയ്ത് അടുത്ത കുട്ടിയുടെ മാർക്ക് എന്റർ ചെയ്യാം.

### മുഅല്ലിം റെജിസ്റ്റർ (അവസാന തിയ്യതി 20-09-2020)

www.samastha.in എന്ന വെബ്സൈറ്റ് ഓപ്പൺ ചെയ്ത് Mu-allim Register ക്ലിക്ക് ചെയ്ത മദ്റസയിലെ എല്ലാ മുഅല്ലിംകളുടെയും പേരും വിലാസവും, എം.എസ്.ആർ നമ്പർ, ഫോൺ നമ്പറും അതിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഏറ്റവും പുതിയ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ (നീല പ്രതലത്തിലുള്ളത്) അപ്‌ലോഡ് ചെയ്യേണ്ടതാണ്. ബോർഡിനു കീഴിലെ മദ്റസാ അധ്യാപകർക്ക് ഏകീകൃത ഐ.ഡി. കാർഡ് നൽകുന്നതിനും മറ്റും ഇത് ഉപയോഗിക്കുന്നതാണ്.

SAMASTHA KERALA SUNNI VIDYABHYASA BOARD • Samastha Centre Calicut - 5

കോഴിക്കോട്
11-07-2020

സെക്രട്ടറി
ഇസ്ലാമിക് എജുക്കേഷണൽ ബോർഡ്